# എനക്ക് കോഴി വേണം, പശുവും ആടും വേണം....!!



എനക്ക് കോഴി വേണം, പശുവും ആടും വേണം....!! പട്ടികവർഗ്ഗങ്ങളുടെ ക്ഷേമപ്രവർത്തനം മുഖ്യ വികസന പദ്ധതിയായി ചൂണ്ടിക്കാട്ടിയ പാലക്കാട് ജില്ലയിലെ പുതുപ്പരിയാരം പഞ്ചായത്തിലെ അയ്യപ്പന്റെ ആവശ്യങ്ങളാണ് ഇതെല്ലാം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുകയും വനജീവിതത്തെ ആശ്രയിക്കുകയും ചെയ്തിരുന്ന ആദിവാസികളിൽ പ്രകടമായ മാറ്റം വരുത്താൻ പുതുപ്പരിയാരം പഞ്ചായത്തിന് കഴിഞ്ഞു എന്നതിനുള്ള ശക്തമായ തെളിവായിരുന്നു ഗ്രീൻ കേരള എക്സ്പ്രസിന്റെ രണ്ടാംഘട്ട ഫ്ലോർ ചിത്രീകരണത്തിനായി തിരുവനന്തപുരത്ത് എത്തിച്ചേർന്ന അയ്യപ്പൻ. ജൂറി അംഗങ്ങളുടെ ചോദ്യങ്ങൾക്ക് നാടൻ ശൈലിയിൽ മറുപടി നൽകിയ അയ്യപ്പൻ ചിത്രീകരണവേദിയിലെ ശ്രദ്ധേയമായ സാന്നിദ്ധ്യമായി മാറുകയായിരുന്നു.

അയ്യപ്പനെയും കൂട്ടരെയും പഞ്ചായത്ത് അധികാരികൾ സഹായിച്ചില്ലേ, ഇനി എന്താണ് വേണ്ടത് എന്ന ആർ.വി.ജി മേനോൻ സാറിന്റെ ചോദ്യത്തിന് മുന്നിൽ ഒട്ടും കൂസാതെ അയ്യപ്പൻ മറുപടി പറഞ്ഞു, 'എനക്ക് ജീവിക്കണം, എന്നക്ക് അതിന് കോഴി വേണം, പശുവും ആടും വേണം, പിന്നെ... വെള്ളം വേണം'. പഞ്ചായത്തിലെ മിടുക്കനായി പഠിക്കുന്ന കുട്ടി ആരാണ് എന്ന ചോദ്യത്തിന് എന്റെ മകന്റെ കുട്ടിയാണ് നല്ലോണം പഠിക്കണേ എന്നായിരുന്നു അയ്യപ്പന്റെ ഉത്തരം.

മലയ്ക്ക് പോവുകയും, പഴങ്ങൾ ഭക്ഷിക്കുകയും തേൻ ശേഖരിച്ചു വിൽക്കുകയും ചെയ്തിരുന്ന അയ്യപ്പനിൽ ഒട്ടേറെ പുരോഗമനപരമായ മാറ്റങ്ങൾ ഇന്നുണ്ട്. ഗ്രീൻ കേരള എക്സ്പ്രസിൽ പങ്കെടുക്കുവാൻ അയ്യപ്പൻ കാണിച്ച താൽപര്യത്തിന് പ്രത്യേക സമ്മാനവും ലഭിക്കുകയുണ്ടായി. ഷൂട്ടിംഗിന് ശേഷം സ്റ്റുഡിയോയിൽ നിന്നും പുറത്തിറങ്ങിയപ്പോൾ മറ്റ് പഞ്ചായത്തുകാരും അയ്യപ്പനെ അനുമോദിക്കാനെത്തി. അവരുടെ കുശലാന്വേഷണങ്ങൾക്കുള്ള അയ്യപ്പന്റെ മറുപടി കളങ്കമില്ലാത്ത ചിരിയായിരുന്നു...

അജിത്ത് അരവിന്ദൻ